# കേരള സർവകലാശാല

നം.പി.ആർ.207/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.എസ്.സി കെമിസ്ട്രി (2017 അഡ്മിഷൻ റെഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 23 മുതൽ നടത്തുന്നതാണ്.

നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി ജൂലൈ 2019 ന്റെ മെക്കാനിക്കൽ പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ച് (2013 സ്കീം) ന്റെ പ്രാക്ടിക്കൽ ഒക്ടോബർ 4 ന് എസ്.സി.ടി കോളേജ്, തിരുവനന്തപുരത്ത് വെച്ചും അപ്ലൈഡ് ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ച് (2008 സ്കീം & 2013 സ്കീം) ന്റെ പ്രാക്ടിക്കൽ ഒക്ടോബർ 3, 4 തീയതികളിൽ സി.ഇ.ടി കോളേജ്, തിരുവനന്തപുരത്ത് വെച്ചും നടത്തുന്നതാണ്.

2019 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (കോർ - ബയോകെമിസ്ട്രി), ബി.എസ്.സി ബോട്ടണി ആന്റ് ബയോടെക്നോളജി (കോംപ്ലിമെന്ററി - ബയോകെമിസ്ട്രി) പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം ഒക്ടോബർ 10, 15 തീയതികളിൽ ആരംഭിക്കുന്നതാണ്.

2019 ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് നാലാം സെമസ്റ്റർ ബി.എസ്.സി ഇലക്ട്രോണിക്സ് ഡിഗ്രി കോഴ്സിന്റെ പ്രായോഗിക പരീക്ഷ ഒക്ടോബർ 9 മുതൽ അതാത് കോളേജുകളിൽ ആരംഭിക്കുന്നതാണ്.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടം, മൂന്നാം സെമസ്റ്റർ ബി.ടെക് ഡിഗ്രി പരീക്ഷ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2017, 2016 & 2015 അഡ്മിഷൻ), സെപ്റ്റംബർ 2019 പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

### വൈവ

2019 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എ ഫിലോസഫി പരീക്ഷയുടെ വൈവ ഒക്ടോബർ 9, 11 തീയതികളിലും പബ്ലിക് അഡ്മിനിസ്ട്രേഷൻ പരീക്ഷയുടെ വൈവ ഒക്ടോബർ 4 നും നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താം

ബി.ടെക് ഡിഗ്രി (2008 സ്കീം 2008 – 2012 അഡ്മിഷൻ) അഞ്ച് വർഷം പൂർത്തിയാക്കിയ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് (40 മാർക്ക് യൂണിവേഴ്സിറ്റി പരീക്ഷയിൽ ലഭിക്കാത്തവർ) ഈവൻ/ഓഡ് (Even/Odd) സെമസ്റ്ററുകളുടെ ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താൻ അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി നവംബർ 2. ഇനി ഒരു അവസരം നൽകുന്നതല്ല. 2008 സ്കീം പാർട്ട് ടൈം വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. അപേക്ഷയോടൊപ്പം 735/- രൂപ ഫീസ് ഓരോ സെമസ്റ്ററിനും അടയ്ക്കേണ്ടതാണ്. അപേക്ഷയുടെ പകർപ്പും വിശദവിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

## പരീക്ഷാഫീസ്

2019 ഒക്ടോബർ 30 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ത്രിവൽസര എൽ.എൽ.ബി പരീക്ഷകൾക്ക് റെഗുലർ/സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് ഓൺലൈനായും മേഴ്സിചാൻസ് (2011) വിദ്യാർത്ഥികൾക്ക് ഓഫ്ലൈനായും ഒക്ടോബർ 3 മുതൽ സമർപ്പിക്കാം. പിഴ കൂടാതെ ഒക്ടോബർ 14 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 17 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 19 വരെയും അപേക്ഷിക്കാം.

## പരീക്ഷാകേന്ദ്രങ്ങൾ

ഒക്ടോബർ 9 മുതൽ ആരംഭിക്കുന്ന ബി.കോം (വിദൂരവിദ്യാഭ്യാസം) മൂന്നാം സെമസ്റ്റർ പരീക്ഷകൾക്ക് ഗവ:സംസ്കൃത കോളേജ്, തിരുവനന്തപുരം അപേക്ഷിച്ചവർ വി.ടി.എം.എൻ.എസ്.എസ് കോളേജ്, ധനുവച്ചപുരത്തും ഗവ: വനിതാ കോളേജ്, വഴുതയ്ക്കാട്, തിരുവനന്തപുരം അപേക്ഷിച്ചവർ എൻ.എസ്.എസ് കോളേജ്, നീറമൺകര, തിരുവനന്തപുരത്തും, ഗവ: കോളേജ്, നെടുമങ്ങാട് അപേക്ഷിച്ചവർ എം.ജി കോളേജ്, തിരുവനന്തപുരത്തും, എസ്.എൻ കോളേജ്, ചെമ്പഴന്തി അപേക്ഷിച്ചവർ ക്രിസ്റ്റ്യൻ കോളേജ്, കാട്ടാക്കടയിലും, എസ്.എൻ കോളേജ്, വർക്കല അപേക്ഷിച്ചവർ കെ.യു.സി.ടി.ഇ കാര്യവട്ടത്തും, എസ്.എൻ കോളേജ്, ചാത്തന്നൂർ അപേക്ഷിച്ചവർ ഡി.ബി കോളേജ്, ശാസ്താംകോട്ടയിലും, എസ്.എൻ കോളേജ് ഫോർ വിമൻ, കൊല്ലം അപേക്ഷിച്ചവർ എസ്.എൻ കോളേജ്, കൊല്ലത്തും, എസ്.ഡി കോളേജ്, ആലപ്പുഴ അപേക്ഷിച്ചവർ എസ്.എൻ കോളേജ്, ചേർത്തലയിലും, സെന്റ് മൈക്കിൾസ് കോളേജ്, ചേർത്തല അപേക്ഷിച്ചവർ എസ്.എൻ കോളേജ്, ചേർത്തലയിലും ടി.കെ.എം ആർട്സ് ആന്റ് സയൻസ് കോളേജ്, കൊല്ലം അപേക്ഷിച്ച രജിസ്റ്റർ നമ്പർ 32852171288 മുതൽ 32852172722 വരെയുള്ള ബി.കോം കോ – ഓപ്പറേഷൻ എടുത്ത 70 വിദ്യാർത്ഥികൾ ശ്രീ.വിദ്യാധിരാജാ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് കരുനാഗപ്പള്ളിയിലും പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 ജൂലൈയിൽ നടത്തിയ പിഎച്.ഡി കോഴ്സ് വർക്ക് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനഃപരിശോധനയ്ക്ക് ഒക്ടോബർ 11 വരെ അപേക്ഷിക്കാം. അപേക്ഷകൾ ഓരോ പേപ്പറിന് 525/- രൂപ ഫീസടച്ച് സി.എസ്.എസ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

2019 മേയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം – ഫുൾടൈം/റെഗുലർ ഈവനിംഗ്/യു.ഐ.എം/ട്രാവൽ ആന്റ് ടൂറിസം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

അഞ്ചാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2008 സ്കീം) ജനുവരി 2019 സപ്ലിമെന്ററി, പാർട്ട് – ടൈം, മേഴ്സിചാൻസ് പരീക്ഷയുടെ മെക്കാനിക്കൽ സ്ട്രീം പ്രൊഡക്ഷൻ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ

എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ഒക്ടോബർ 16 വരെ അപേക്ഷിക്കാം. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രൈവറ്റ് രജിസ്ട്രേഷൻ

2020 – 22 (2019 അഡ്മിഷൻ) വർഷത്തിലെ ബി.എ/ബി.കോം/ബി.എ അഫ്സൽ – ഉൽ – ഉലാമ/ബി.ബി.എ/ബി.കോം അഡീഷണൽ ഇലക്ടീവ് (കോ – ഓപ്പറേഷൻ) എന്നീ വാർഷിക കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന ഒക്ടോബർ 1 മുതൽ അപേക്ഷിക്കാം. നവംബർ 5 വരെ അപേക്ഷകൾ പിഴ കൂടാതെ സ്വീകരിക്കും. വിജ്ഞാപനത്തിന്റെ വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ശില്പശാല

കാര്യവട്ടത്തുള്ള ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ് ലൈബ്രറി ഒക്ടോബർ 21 മുതൽ 25 വരെ 'Care and preservation of palmleaf manuscripts' എന്ന വിഷയത്തിൽ അഞ്ചു ദിവസത്തെ ശില്പശാല സംഘടിപ്പിക്കുന്നു. പ്രസ്തുത ശിൽപശാലയിൽ പങ്കെടുക്കാൻ താല്പര്യമുള്ള അദ്ധ്യാപകർ, ഗവേഷകർ ഈ വിഷയവുമായി ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളിലെ ജീവനക്കാർ തുടങ്ങിയവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ ഒക്ടോബർ 10 ന് മുൻപ് 0471 – 2308421, 9995004129 എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

തിരുവനന്തപുരം.
01.10.2019

പബ്ലിക് റിലേഷൻസ് ഓഫീസർ